(ബി) 19-9-2015-ലെ 321/ലെഗ്എഫ്2/2011/നിയമം നമ്പർ കത്ത് പ്രകാരം ബഹുമാനപ്പെട്ട ഗവർണർ മുഖേന പ്രതിഷേധം അറിയിച്ചിട്ടുണ്ട്.

(സി) കേരള അഡ്വക്കേറ്റ് ജനറലിൽ നിന്നും നിയമോപദേശം തേടിയിരുന്നു.

മാവേലിക്കര പാലം നിർമ്മാണം

211 (900) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര വഴുവാടിക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വഴുവാടിക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യങ്ങൾ ഉന്നയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല എന്നാൽ വഴുവാടിക്കടവിന് സമീപം ഇടയ തീരസംരക്ഷണ ഭിത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) ബാധകമല്ല.

മീനച്ചിൽ വാലി ഇറിഗേഷൻ പദ്ധതി

212 (901) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനച്ചിൽ വാലി ഇറിഗേഷൻ പദ്ധതി ആരംഭിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോയെന്നും പദ്ധതി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മീനച്ചിൽ നദീതടപദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള പഠനങ്ങൾക്കായി കേരള സർക്കാർ 27-7-2011-ൽ ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചു. പ്രസ്തുത സമിതി 16-12-2012-ൽ നൽകിയ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും 6 മിനിഡാമുകൾക്കും ഒരു ചെക്ക്ഡാമിനും ഭരണാനുമതി നൽകുകയും ചെയ്തു. ഇതിൽ 4 മിനി ഡാമുകളുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. മറ്റ് മിനിഡാമുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, മീനച്ചിൽ നദീതട പദ്ധതിയിൽ ഉൾപ്പെടുന്ന പഴുക്കക്കാനം ഡാമിനും കനാലുകൾക്കുമായി 131 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഡാമിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ പ്രാരംഭ നടപടിയായി നടത്തിയ സർവ്വേ ജോലികൾ തദ്ദേശവാസികളുടെയും പദ്ധതി പൂർത്തിയാകുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളുടേയും ശക്തമായ എതിർപ്പുമൂലം നിർത്തി വച്ചിരിക്കുകയാണ്. പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി ത്രിതല പഞ്ചായത്ത് പ്രതിനിധികളും തദ്ദേശവാസികളും സമരസമിതി നേതാക്കളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുംകൂടി ചർച്ചയും ബോധവൽക്കരണവും 15-6-2015-ൽ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് നടത്തുകയുമുണ്ടായി. എന്നാൽ പ്രസ്തുത ചർച്ച പരാജയപ്പെട്ടതിനെ തുടർന്ന് ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് വ്യക്തമായ അഭിപ്രായ സഹിതം റിപ്പോർട്ട് ചെയ്യാൻ കോട്ടയം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭിച്ച 4 മിനി ഡാമുകളിൽപ്പെടുന്ന പാലാ മുനിസിപ്പാലിറ്റിയിലെ അരുണാപുരത്തുള്ള മിനിഡാമിന്റെ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് ടി വർക്കിന്റെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷം മീനച്ചിൽ നദീതടപദ്ധതിക്കുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. എന്നിരുന്നാലും മീനച്ചിൽ പദ്ധതിയിൽപ്പെട്ട പ്രവർത്തിയായ അരുണാപുരം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന പ്രവർത്തികൾ ടെണ്ടർ ചെയ്യാനുള്ള അനുമതി സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. ഫണ്ട് ലഭ്യത അനുസരിച്ച് രണ്ട് കൊല്ലം കൊണ്ട് പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

1352/2017